**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.843** — **01.03.2017-ൽ മറുപടിയ്ക്ക്**

## കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുൻകൈ എടുത്ത് തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.അനിൽ അക്കര<br>ശ്രീ.റോജി എം.ജോൺ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) തദ്ദേശ സ്ഥാപനങ്ങൾ സ്ഥലം വിട്ടുനൽകിയാൽ കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുൻകൈ എടുത്ത് തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം ഇതിനകം എത്ര തദ്ദേശ സ്ഥാപനങ്ങൾ ധാരണാപത്രം കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) ഒമ്പത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ധാരണാപത്രം കൈമാറിയിട്ടുണ്ട്. നീലേശ്വരം, പയ്യന്നൂർ, അളഗപ്പനഗർ, കൂത്താട്ടുകുളം, വൈക്കം, കായംകുളം, പുനലൂർ, ഏറ്റുമാന്നൂർ, ആന്തൂർ എന്നിവയാണ് ധാരണാപത്രം കൈമാറിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. |
| (ബി) എത്ര സിനിമാ തീയേറ്ററുകളാണ് ഇത്തരത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി എന്ത് തുക ആവശ്യമായി വരുമെന്നും പ്രസ്തുത തുക ഏത് ഏജൻസിയിൽ നിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) കേരളത്തിലാകമാനം 100 തീയേറ്റർ സമുച്ചയം നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. രണ്ട് അത്യാധുനിക സ്ക്രീനുകൾ അടങ്ങിയ സൗകര്യങ്ങളോടെയുള്ള ഒരു തീയേറ്റർ സമുച്ചയം ഒരുക്കുന്നതിലേക്കായി ഉദ്ദേശം 7 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത ഫണ്ട് കിഫ്ബിയിൽ നിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) സർക്കാരിന്റെ പതിനാല് തീയേറ്ററുകളിൽ നിന്നും 2016-ൽ ലഭിച്ച വരുമാനമെത്രയെന്നും, പ്രസ്തുത തീയേറ്ററുകൾ പ്രവർത്തിപ്പിക്കുവാനുള്ള ചെലവ് എത്രയെന്നും അറിയിക്കുമോ; | (സി) 2016-ൽ 14 തീയേറ്ററുകളിൽ നിന്നുമുള്ള വരുമാനം 11,49,65,493/-രൂപ<br>ചെലവ് 5,84,78,671/- രൂപ |
| (ഡി) സർക്കാർ തീയേറ്ററുകളിൽ നിന്നും 2016 ൽ വിനോദനികുതിയിനത്തിൽ എന്ത് തുക നൽകി എന്ന് വ്യക്തമാക്കുമോ? | (ഡി) കെ.എസ്.എഫ്.ഡി.സി തീയേറ്ററുകളിൽ നിന്നും 2016-ൽ വിനോദ നികുതിയിനത്തിൽ 4,31,32,982/-രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ